# പാഠം 9

ഇനിയും ചില അക്ഷരങ്ങളെ നാം പഠിക്കാനുണ്ട്. അവ കൂടി പരിചയപ്പെടുക. ഭയം എന്ന പറഞ്ഞാൽ മനസ്സിലാകാത്തവർ ആരുമുണ്ടാകില്ലല്ലോ. ഭയം, പേടി എന്നൊക്കെയാണ് നാം സാധാരണ പറയാറുള്ളത്. അറബിയിൽ അതിന് പല പദങ്ങളുമുണ്ട്. എങ്കിലും **ഹദർ** എന്നാണ് നാം പഠിക്കുന്നത്. ഹദർ എന്നാൽ ഭയം. ഈ പദം നാം മനസ്സിൽ ഉറപ്പിക്കുക. എന്നിട്ടുവേണം എഴുതാൻ.

| | | | | |
|---|---|---|---|---|
| حَذَرْ | ഹദർ حَ ذَ رْ | رْ | ذَ | حَ |
| എഴുതുന്ന രൂപം | ഭയം | ർ | ദ | ഹ |

ഈ വാക്ക് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതാൻ ശീലിക്കുക.

**നിയമം:** അറബിയിലെ ഉച്ചാരണമനുസരിച്ച രണ്ടു തരം ഹ കളുണ്ട്. എന്നാൽ ശരിയായ ഉച്ചാരണപ്രകാരം രണ്ടും രണ്ടാകുന്നു. ആദ്യത്തേത് അതായത് നാം ഇപ്പോൾ പഠിക്കുന്നത് അൽപം ചെരിച്ചു വേണം ഉച്ചരിക്കുവാൻ. അഥവാ ഹെ എന്ന രീതിയിൽ. അതാകട്ടെ തൊണ്ടയുടെ അങ്ങേ അറ്റത്തുനിന്നും ഉച്ചരിക്കണം.

---

കുഴി എന്താണെന്ന് നമുക്ക് വേഗം മനസ്സിലാകും. അറബിയിൽ കുഴിക്ക് **ഹിഫ്ർ** എന്നാണ് പറയുക. ഈ പദം ഹൃദിസ്ഥമാക്കുക. എന്നിട്ട് എഴുതിശീലിക്കുക.

| | | | | |
|---|---|---|---|---|
| حِفْرْ | ഹിഫ്ർ حِ فْ رْ | رْ | فْ | حِ |
| എഴുതുന്ന രൂപം | കുഴി | ർ | ഫ് | ഹി |

ഈ വാക്ക് പലതവണ എഴുതുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

സാധാരണയായി നാം പീര്യഡ് എന്ന പറയാറുണ്ടല്ലോ. ക്ലാസ്സുമായി ബന്ധപ്പെട്ട പദമാണത്. ഇതിന് അറബിയിൽ ഹിസ്സ്വ എന്ന പറയുന്നു. പീര്യഡ്, ഭാഗം തുടങ്ങിയ അർഥങ്ങൾക്കൊക്കെ **ഹിസ്സ്വ** എന്ന പദം ഉപയോഗിക്കാറുണ്ട്. ഹിസ്സ്വ എന്നാൽ പീര്യഡ് എന്ന് നന്നായി ഉൾക്കൊണ്ട ശേഷം അത് എഴുതുക.

| | | | | |
|---|---|---|---|---|
| حِصَّة | ഹിസ്സ്വ حِ صَّ ة | ة | صَّ | حِ |
| എഴുതുന്ന രൂപം | പീര്യഡ് | | സ്സ്വ | ഹി |

കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

ഈ പാഠത്തിൽ പഠിച്ച വാക്കുകൾ കൂട്ടിയെഴുതുന്ന രീതി:

| | | |
|---|---|---|
| **ഹദർ** | حذَر | حَ ذَ رْ |
| **ഹിഫ്ർ** | حِفْر | حِ فْ رْ |
| **ഹിസ്സ്വ** | حَصَّة | حِ صَّ ة |

ഇതുവരെ പഠിച്ച അക്ഷരങ്ങൾ എഴുതുന്ന രീതി:

